പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 227** **12-10-2026-ൽ മറുപടിയ്ക്ക്**

**പേരാമ്പ്ര താലൂക്ക് ആശുപത്രിയുടെ നവീകരണം**

**ചോദ്യം ഉന്നയിച്ച അംഗങ്ങൾ** **മറുപടി നൽകിയ മന്ത്രി**

ശ്രീമതി ഫാത്തിമ തഹിലിയ ശ്രീ. കെ. മുരളീധരൻ
(ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി)

**(എ)** കോഴിക്കോട് ജില്ലയിലെ പേരാമ്പ്ര താലൂക്ക് ആശുപത്രിയുടെ നിലവിലെ അടിസ്ഥാന സൗകര്യങ്ങൾ, കെട്ടിടങ്ങളുടെ അവസ്ഥ, ചികിത്സാ സൗകര്യങ്ങൾ എന്നിവ മെച്ചപ്പെടുത്തുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ;

**മറുപടി:** പേരാമ്പ്ര താലൂക്ക് ആശുപത്രിയുടെ വികസനത്തന്റെ ഭാഗമായി പുതിയ കെട്ടിട നിർമ്മാണത്തിനായി കിഫ്ബി ഫണ്ട് വകയിരുത്തിയിട്ടുണ്ട്. പ്രസ്തുത പ്രവൃത്തിയുടെ നിർമ്മാണ ഏജൻസി INKEL ഉം കരാർ എടുത്തിരിക്കുന്നത് ULCCSയുമാണ്. നിർമ്മാണ പ്രവൃത്തി 2027 ജൂലായ് മാസത്തിൽ പൂർത്തീകരിക്കുമെന്നാണ് നിർമ്മാണ ഏജൻസിയായ INKEL അറിയിച്ചിട്ടുള്ളത്. 7667 ചതുരശ്ര മീറ്ററിൽ ആറ് നിലകളിലായി 64 കിടക്കകളോട് കൂടിയ (ICU -14, Ward-48, ISOLATION-2) കെട്ടിടമാണ് വിഭാവനം ചെയ്തിട്ടുള്ളത്. 2008 ൽ താലൂക്ക് ആശുപത്രിയായി ഉയർത്തിയിട്ടുണ്ടെങ്കിലും സാമൂഹികാരോഗ്യം കേന്ദ്രത്തിന്റെ മാനദണ്ഡം അനുസരിച്ചാണ് പല തസ്തികകളും മേൽ സ്ഥാപനത്തിൽ നിലവിലുള്ളത്.

**(ബി)** ആശുപത്രിയുടെ നവീകരണത്തിനായി നിലവിൽ ഏതെങ്കിലും പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ പദ്ധതിയുടെ അടങ്കൽ തുക, അനുവദിച്ച തുക, പദ്ധതിയുടെ പ്രധാന ഘടകങ്ങൾ എന്നിവയുടെ വിശദാംശം ലഭ്യമാക്കുമോ;

**മറുപടി:** പേരാമ്പ്ര താലൂക്ക് ആശുപത്രിയുടെ വികസനത്തിന്റെ ഭാഗമായി പുതിയ കെട്ടിട നിർമ്മാണത്തിനായി കിഫ്ബി ഫണ്ട് വകയിരുത്തിയിട്ടുണ്ട്. 77.44 കോടി രൂപയുടെ ഭരണാനുമതിയുള്ള പ്രസ്തുത പ്രവൃത്തിയുടെ Financial Sanction തുക 56.06 കോടി രൂപയാണ്. 7667 ചതുരശ്ര മീറ്ററിൽ 6 നിലകളിലായി (LG +G+4) 64 കിടക്കകളോട് കൂടിയ (ICU -14, Ward-48, ISOLATION 2) ഒരു കെട്ടിടമാണ് വിഭാവനം ചെയ്തിട്ടുള്ളത്. പ്രസ്തുത കെട്ടിടത്തിൽ ICU, NICU, SICU, MICU, Ward, Isolation, Triage, Observation, OT, Pre-OT, Procedure room എന്നിവ ഉൾപ്പെടുന്നു.

**(സി)** ആശുപത്രിയിൽ കൂടുതൽ കിടക്കകൾ, പുതിയ ചികിത്സാ വിഭാഗങ്ങൾ, ആധുനിക മെഡിക്കൽ ഉപകരണങ്ങൾ, ലാബ്, അടിയന്തര ചികിത്സാ സൗകര്യങ്ങൾ എന്നിവ ഏർപ്പെടുത്തുന്നതിനുള്ള നിർദ്ദേശങ്ങൾ പരിഗണനയിലുണ്ടോ;

**<u>മറുപടി:</u>** കിഫ്ബി ഫണ്ട് ഉപയോഗിക്കുന്ന പുതിയ കെട്ടിട നിർമാണം പൂർത്തിയാകുന്ന മുറയ്ക്ക് ആശുപത്രിയിലെ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതാണ്. പുതിയ കെട്ടിടത്തിൽ ആധുനിക ഉപകരണങ്ങൾ, സജ്ജീകരിക്കുന്നതിനായി എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിന് KMSCLലേക്ക് അപേക്ഷ സമർപ്പിച്ചിട്ടുണ്ട്.

**(ഡി)** പേരാമ്പ്ര താലൂക്ക് ആശുപത്രിയെ കൂടുതൽ മികച്ച താലൂക്ക്തല ചികിത്സാ കേന്ദ്രമായി വികസിപ്പിക്കുന്നതിനായി ആശുപത്രിയിലെ രോഗികളുടെ എണ്ണം, ചികിത്സാ ആവശ്യകത എന്നിവ പരിഗണിച്ച് കൂടുതൽ സ്പെഷ്യലിസ്റ്റ് തസ്തികകൾ അനുവദിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ?

**<u>മറുപടി:</u>** കിഫ്ബി നിർമാണ പ്രവർത്തി പൂർത്തിയാകുന്ന മുറക്ക് IPHS മാനദണ്ഡം അനുസരിച്ച് രോഗികളുടെ സാന്ദ്രത, നിലവിലുള്ള ജീവനക്കാരുടെ ലഭ്യത, സേവനകേന്ദ്രങ്ങളുടെ പ്രവർത്തനക്ഷമത തുടങ്ങിയ ഘടകങ്ങൾ ഉൾപ്പെടുത്തി ഗ്യാപ് അനാലിസിസ് നടത്തി വിശദമായ വിലയിരുത്തലിന്റെ അടിസ്ഥാനത്തിൽ ഘട്ടം ഘട്ടമായി പുതിയ തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കും.

**സെക്ഷൻ ഓഫീസർ**